(സി) വേതനം വൈകിയാൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ധനവിനിയോഗം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ (2011-12)-ൽ 18.86 ലക്ഷം കുടുംബങ്ങളിലെ 31.29 ലക്ഷം തൊഴിലാളികളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരുന്നത്. 10-3-2015-ലെ കണക്ക് പ്രകാരം 30.33 ലക്ഷം കുടുംബങ്ങളിൽ നിന്നായി 47.20 ലക്ഷം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതായത് ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നാളിതുവരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ 11.47 ലക്ഷം കുടുംബങ്ങളിലെ 15.91 ലക്ഷം പേർ പുതുതായി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണാൻ കഴിയും.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വേതനം വൈകിയാൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ധനവിനിയോഗം ഉൾപ്പെടെയുള്ള എല്ലാ ഘടകങ്ങളും ആറുമാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി വരുന്നുണ്ട്.

ഇന്ദിരാ ആവാസ് പദ്ധതി 2014-15

4 (1400) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ കേന്ദ്ര വിഹിതം സംബന്ധിച്ചും സർക്കാർ വിഹിതം സംബന്ധിച്ചും വ്യക്തമാക്കാമോ ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞ വീടുകളുടെ കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഇതിൽ ചെലവഴിക്കാത്ത തുകയുടെ കണക്ക് ലഭ്യമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) 39768 (സ്പിൽ ഓവർ ഉൾപ്പെടെ)

(ഡി) 7305.47

ഇന്ദിരാ ആവാസ് യോജന

5 (1401) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഏതെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുവയ്ക്കുന്നതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന ഔതിക ലക്ഷ്യത്തിന് അനുസരിച്ചുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമസഭകൾ മുഖേനയാണ്. ഗ്രാമസഭകളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പഞ്ചായത്ത് തല മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നു. ടി ലിസ്റ്റിലെ മുൻഗണനാക്രമം അനുസരിച്ചാണ് അർഹരായ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിൽനിന്നും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. കേന്ദ്ര നിർദ്ദേശം അനുസരിച്ചാണ് ഔതിക ലക്ഷ്യം നിശ്ചയിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly